മാധ്യമം

29 July 2017

# ദേശീയതലത്തിൽ വിത്തുമത്സ്യ ബാങ്കുകൾ വരുന്നു

- സി.എം.എഫ്.ആർ.ഐയുടെ സമുദ്രമത്സ്യ വിത്തുൽപാദന വികസന പദ്ധതിക്ക് ഒമ്പത് കോടി



*കൃഷി ചെയ്ത വറ്റ വിളവെടുത്തത്*

**കൊച്ചി:** ദേശീയതലത്തിൽ വിത്തുമത്സ്യ ബാങ്കുകൾ (ബ്രൂഡ് ബാങ്ക്) സ്ഥാപിക്കാൻ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന് (സി.എം.എഫ്.ആർ.ഐ) കേന്ദ്ര സർക്കാർ ഒമ്പത് കോടി രൂപ അനുവദിച്ചു. മോദ, വറ്റ എന്നീ കടൽമീനുകളുടെ വിത്തുമത്സ്യ ബാങ്കുകൾ സ്ഥാപിക്കാനും അനുബന്ധ പ്രവർത്തനങ്ങൾക്കുമാണ് ഈ സഹായം. പ്രജനനത്തിന് പാകമായ മത്സ്യങ്ങളുടെ ശേഖരമാണ് വിത്തുമത്സ്യ ബാങ്ക്.

കടൽമീനുകളുടെ കൃഷി ജനകീയമാക്കാൻ സി.എം.എഫ്.ആർ.ഐ സമർപ്പിച്ച വിത്തുൽപാദന വികസന പദ്ധതിക്ക് കേന്ദ്ര കാർഷിക മന്ത്രാലയത്തിന് കീഴിലെ മൃഗസംരക്ഷണ, ക്ഷീരവികസന, ഫിഷറീസ് വകുപ്പാണ് അംഗീകാരം നൽകിയത്. സി.എം.എഫ്.ആർ.ഐയുടെ മണ്ഡപം, വിഴിഞ്ഞം ഗവേഷണ കേന്ദ്രങ്ങളിലാണ് മാതൃമത്സ്യബാങ്ക് സ്ഥാപിക്കുന്നത്. പദ്ധതിയുടെ ഭാഗമായി പ്രാദേശിക വിത്തുൽപാദന കേന്ദ്രങ്ങൾ എല്ലാ തീരദേശ സംസ്ഥാനങ്ങളിലും സ്ഥാപിക്കും. വിത്തുൽപാദനത്തിനാവശ്യമായ എല്ലാ സംവിധാനങ്ങളും ഉൾക്കൊള്ളുന്നതാണ് വിത്തുമത്സ്യ ബാങ്ക്.

ഗുണനിലവാരമുള്ള മത്സ്യവിത്തുകളുടെ ദൗർലഭ്യം സമുദ്രകൃഷി വ്യാപനത്തിന് തടസ്സമാകുന്ന സാഹചര്യത്തിലാണ് പുതിയ വിത്തുൽപാദന സംവിധാനം നിലവിൽവരുന്നത്. കൂട് മത്സ്യകൃഷിക്ക് ഏറെ അനുയോജ്യമായ മോദ, വറ്റ മീൻ കുഞ്ഞുങ്ങൾ എല്ലാ സംസ്ഥാനങ്ങളിലും ആവശ്യത്തിന് ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യമെന്ന് സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അറിയിച്ചു. ഈ സംവിധാനം വരുന്നതോടെ കൃഷിയിറക്കാൻ പാകമായ 10 ദശലക്ഷം വറ്റ മീൻകുഞ്ഞുങ്ങളും മൂന്ന് ദശലക്ഷം മോദ മീൻകുഞ്ഞുങ്ങളും ഉൽപാദിപ്പിക്കാനാകും.

മണ്ഡപം ഗവേഷണ കേന്ദ്രത്തെ കൂടുമത്സ്യകൃഷിയുടെ നോഡൽ ഹബ്ബായി മാറ്റുന്ന തരത്തിലാണ് പദ്ധതി. രാജ്യത്തിൻെറ എല്ലാ ഭാഗത്തേക്കും കൃഷിക്ക് ആവശ്യമായ മീൻകുഞ്ഞുങ്ങളെ ഇവിടെനിന്ന് വിതരണത്തിന് തയാറാക്കും. കടലിലെ കൂടുമത്സ്യകൃഷി വ്യവസ്ഥാപിതമാക്കാൻ ദേശീയ സമുദ്രകൃഷി നയത്തിൻെറ കരട് സി.എം.എഫ്.ആർ.ഐ തയാറാക്കിവരുകയാണ്.